# ദൈവത്തിന്നു ജീവിക്കുന്നവർ

റോമർ 6:11

**അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ.**

പാപപങ്കിലമായ ലോകത്തിലായിരിക്കുമ്പോൾ ദൈവത്തിന്റെ മുമ്പിൽ നാം എപ്രകാരം ആയിരിക്കണം എന്ന് ഈ അദ്ധ്യായത്തിന്റെ ആദ്യവാക്യങ്ങളിലൂടെ വിശദീകരിക്കുന്ന പൗലോസ് ഈ വാക്യത്തിലേക്ക് വരുമ്പോൾ അത് നമ്മുടെ പ്രായോഗിക ജീവിതത്തിൽ എപ്രകാരം നാം ശീലിക്കണം എന്ന് പഠിപ്പിക്കുന്നു. പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ എന്നാണ് പൗലോസിന്റെ ആഹ്വാനം. ചുരുക്കി പറഞ്ഞാൽ ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ പാപം എന്ന പ്രലോഭനത്തിൽ അകപ്പെടുമ്പോൾ ഒരു മരിച്ച ശരീരത്തിനെ എങ്ങനെയാണോ ജീവൻ വെപ്പിക്കാൻ നോക്കുന്നത് അതുപോലെയായിരിക്കണം പ്രലോഭനത്തിന് ആ ശരീരത്തിൽ ഉണ്ടായിരിക്കേണ്ട സ്ഥാനം. കാരണം മരിച്ച ശരീരത്തിനെ എന്തൊക്കെ ചെയ്താലും പിന്നെ ജീവൻ വെപ്പിക്കാൻ സാധ്യമല്ല. അതുപോലെ പാപസംബന്ധമായി മരിച്ചു കഴിഞ്ഞാൽ പിന്നെ പാപത്തിന്റെ പ്രലോഭനങ്ങൾക്കൊന്നും അവിടെ ഒരു സ്ഥാനവുമുണ്ടാകരുത്.

റോമർ 12:2 ൽ പറയുന്നു "ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."

നാം വാസ്തവമായി പാപസംബന്ധമായി മരിച്ചവരാണെങ്കിൽ പിന്നെ നമുക്ക് ജീവിതത്തിൽ ഒരു ലക്ഷ്യം മാത്രമേ ഉള്ളൂ. അതു നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തുവിനു വേണ്ടി ജീവിക്കുക എന്നതായിരിക്കണം. അത് ഈ ലോകത്തിനു അനുരൂപരാകാതെ ദൈവത്തിന്റെ ഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞു ജീവിക്കണം. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായിക്കഴിഞ്ഞു, പിന്നെ പഴയതിനു അവിടെ യാതൊരു സ്ഥാനവുമില്ല. പിന്നെ അവന്റെ ജീവിതത്തിൽ അവനെ നയിക്കുന്നത് ജീവിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവായിരിക്കും. ആത്മാവിന്റെ നിയന്ത്രണത്തിൽ നാം നമ്മുടെ പാപസ്വഭാവങ്ങളിൽ നിന്നും വിട്ടൊഴിയാനുള്ള പാതയിലേക്ക് നിരന്തരം നയിക്കപ്പെടും. പിന്നീടുള്ള നമ്മുടെ ജീവിതത്തിൽ നാം പാപത്തിനകപ്പെട്ടുപോയാൽ നമ്മിൽ വാസം ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ പാപബോധം

ജനിപ്പിക്കുകയും അതുവഴി നമുക്ക് നമ്മുടെ ദൈവത്തോട് അത് ഏറ്റുപറയുവാനുള്ള ഒരു അവസരം അവൻ തരികയും ചെയ്യുന്നു. താൻ പാപിയാണെന്നുള്ള ഒരുവന്റെ തിരിച്ചറിവ് ദൈവം ഒരു നാളിലും തള്ളിക്കളയില്ല എന്നു യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1 യോഹന്നാൻ 1:9 “നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.”

ക്രിസ്തുവിനെ കർത്താവെന്ന് വിശ്വസിക്കുകയും എന്നാൽ തങ്ങളുടേതായ ഇഷ്ടപ്രകാരം ജീവിതം നയിക്കുകയും ചെയ്യുക അസാദ്ധ്യമായ കാര്യമാണ്. അങ്ങനെയുള്ളവർക്ക് പരിശുദ്ധാത്മ നിയന്ത്രണത്തിൽ ആയിരിപ്പാൻ സാധിക്കില്ല. കാരണം അവർ ഈ ലോകത്തിന്റെ അധിപതിയായ സാത്താന്റെ നിയന്ത്രണത്തിലായിരിക്കും. അങ്ങനെയുള്ളവർക്ക് പാപത്തിൽ നിന്നു ഒരു നാളും വിട്ടൊഴിയാൻ സാധ്യമല്ല. കാരണം അവർക്ക് പാപബോധം ഇല്ലാത്തതിനാൽ അവർ ചെയ്യുന്നതിൽ ഏതാണു ശരി ഏതാണു തെറ്റ് എന്ന് തിരിച്ചറിയപ്പെടാതെ പോകുന്നു.

മത്തായി 7:21–23 ൽ കർത്താവ് ഇപ്രകാരം പറയുന്നു “എന്നോടു കർത്താവേ കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും.”

അവന്റെ വരവിനായി കാത്തിരിക്കുന്ന പ്രിയ വിശ്വാസി സമൂഹമേ ഇന്നു നമ്മെ കർത്താവിന്റെ വചനത്തിൽ വീണ്ടും ഓർമ്മപ്പെടുത്തുന്നു നിങ്ങൾ പാപസംബന്ധമായി മരിച്ചവരാണ് എങ്കിൽ വീണ്ടും പാപത്തിന്നു നിങ്ങളുടെ മർത്യശരീരത്തിൽ ജീവൻ പ്രാപിക്കാനുള്ള ഇടം നൽകാതെ നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞ് അവനായി ജീവിക്കുവാൻ പരിശ്രമിക്കാം. അതിന്നു ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 73:1

ദൈവം നിർമ്മലഹൃദയമുള്ളവർക്കുതന്നേ, നല്ലവൻ ആകുന്നു നിശ്ചയം.

ബ്രദർ ബിനു ബേബി ആലപ്പുഴ 32